**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 831** **10.06.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

**ചോദ്യം**

**ശ്രീ.അനൂപ് ജേക്കബ്**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | അപകടാവസ്ഥയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ നവീകരിക്കാൻ നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | എ) | അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും പുനർനിർമ്മാണം ആവശ്യമുള്ളതും അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിച്ചിരുന്നതുമായ പട്ടികജാതി കോളനികളെ 2012-13, 2013-14 സാമ്പത്തികവർഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരവും, 2016-17 സാമ്പത്തിക വർഷം നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരവും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിരുന്നു.<br>പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും സാമൂഹിക സാമ്പത്തിക വികസനമാണ് ടി പദ്ധതിയിലൂടെ നടപ്പാക്കുന്നത്. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള സൗകര്യം, ശുചിത്വ സംവിധാനങ്ങൾ, കൃഷിയും ജലസേചനവും, വരുമാനദായകമായ ക്ഷീരവികസനം, മൃഗസംരക്ഷണം, ഉദ്യാനകൃഷി, തയ്യൽ മറ്റ് സ്വയംതൊഴിൽ പരിപാടികൾ, |

| | | | |
|---|---|---|---|
| | | | ഗതാഗതവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, മണ്ണ് സംരക്ഷണം, കുട്ടികളുടെയും സ്ത്രീകളുടെയും ശാക്തീകരണവുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| ബി) | ഈ രംഗത്ത് നിലവിലുള്ള പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | ബി) | പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിലെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം ഏജൻസികൾക്കും ജില്ലാതല ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**